മനസ്സറിയുക ശരീരവും

ഡോ. (സി) ഷാലു കോയിക്കര

# കൗമാരക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

### ഈഗോയും മാനസിക സംഘട്ടനങ്ങളും

സന്തോഷം കിട്ടുന്നതൊക്കെ ചെയ്യുക എന്നത് കൗമാരത്തിന്റെ പ്രത്യേകതയാണ്. എന്നാൽ ചിന്തകളിൽ മാറ്റം വരുന്ന പ്രായമായതുകൊണ്ട് യാഥാർത്ഥ്യങ്ങളെ കുറെയൊക്കെ കണക്കിലെടുക്കണമെന്നും അവർക്കറിയാം. പ്ലഷർ പ്രിൻസിപ്പൽ അനുസരിച്ചാണ് ശൈശവത്തിലും ബാല്യത്തിന്റെ ആദ്യഘട്ടത്തിലും കുട്ടികൾ പെരുമാറുന്നത്. മനുഷ്യസ്വഭാവത്തിന്റെ ഒരു ഘടകമായ ഈഗോയാണ് ഇതിനു കാരണം.

തന്റേതായ ആഗ്രഹങ്ങളും ഇഷ്ടങ്ങളുമനുസരിച്ച് മാത്രം പ്രവർത്തിക്കുക എന്നുള്ളതാണ് ഈഗോയുടെ പ്രകടിത രൂപം. എന്നാൽ ഈഗോ വളർന്നുവരുന്നതനുസരിച്ച് തനിക്കു ചുറ്റുമുള്ള യാഥാർത്ഥ്യങ്ങളെക്കൂടി കണക്കിലെടുക്കാൻ അവർ പഠിക്കുന്നു. റിയാലിറ്റി പ്രിൻസിപ്പൽ അനുസരിച്ച് പ്രവർത്തിക്കാനുള്ള ഈഗോയുടെ കഴിവാണ് അവരെ ഇതിനു പ്രാപ്തരാക്കുന്നത്.

കൗമാരത്തിന്റെ മധ്യം, അവസാനം എന്നി ഘട്ടങ്ങളിലേക്കു കടക്കുമ്പോൾ ഇത് കൂടുതലായുണ്ടാകുന്നു. താൻ മാത്രമല്ല തനിക്കു ചുറ്റും ഒരു ലോകമുണ്ടെന്നും അവിടെ സംഭവിക്കുന്നവയും താൻ കണക്കിലെടുക്കേണ്ടതുണ്ടെന്നും അവൻ ചിന്തിക്കാൻ തുടങ്ങുന്നു. എന്നാൽ ഈ കാഴ്ചപ്പാട് മുഴുവനായും അവന്റെ പ്രവർത്തനശൈലിയായി മാറുന്നില്ല. തന്റേതായ താത്പര്യങ്ങളെ താലോലിക്കുന്നതിനുള്ള പ്രവണത ഇടയ്ക്കിടയ്ക്ക് അവനിൽ തലയുയർത്തും.

താത്വികമായി അവൻ മനസ്സിലാക്കുന്ന കാര്യങ്ങൾ മുഴുവനും പ്രവൃത്തിപഥത്തിലെത്തിക്കാൻ കഴിയാതെ വരുമ്പോൾ അവന്റെ മനസ്സ് വീണ്ടും സംഘട്ടനത്തിന്റെ മുൾമുനയിലാകും. ഇവിടെ പടിപടിയായുള്ള വളർച്ചയാണാവശ്യം. ഒരു കൊച്ചുകുഞ്ഞായിരുന്നപ്പോൾ എങ്ങനെ നടക്കാൻ പഠിച്ചുവോ ആ രീതിയിൽ മാത്രമേ അവന് ഈ വളർച്ച പൂർത്തിയാക്കുവാൻ കഴിയൂ.

> **ഇടുക്കി, കോട്ടയം ജില്ലകളിലെ എട്ടാംക്ലാസ് മുതൽ പ്ലസ്ടുവരെയുള്ള ആയിരത്തോളം വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ സർവേയിൽ 19.48 ശതമാനം കുട്ടികൾക്ക് കുടുംബപ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തു. മാതാപിതാക്കളുടെ ഇടയിലുള്ള സംഘട്ടനം, അച്ഛന്റെ മദ്യപാനം, മാതാപിതാക്കളിൽ നിന്നും ആവശ്യത്തിന് പിൻതുണയും സ്നേഹവും ലഭിക്കാതിരിക്കുന്നത്, സഹോദരങ്ങൾ തമ്മിലുള്ള ചേർച്ചക്കുറവ്, സാമ്പത്തിക ബുദ്ധിമുട്ട് തുടങ്ങിയവയാണ് അവയിൽ കൂടുതലും.**

### വഴിതെറ്റിക്കുന്ന ഭാവനകൾ

കൗമാരക്കാരിലധികവും ഭാവനാലോകത്ത് കൂടുകെട്ടി വസിക്കുവാനിഷ്ടപ്പെടുന്നവരാണ്. തങ്ങളെക്കുറിച്ചു തന്നെയായിരിക്കും അവരുടെ ചിന്തയും ഭാവനയും. അവരുടെ സ്നേഹബന്ധങ്ങളും ഭാവിയെക്കുറിച്ചുള്ള സ്വപ്നങ്ങളും എല്ലാമതിൽക്കാണും. തങ്ങളെ മുറിവേല്പിച്ചവരും അവരുടെ മനോമുകുരത്തിൽ തെളിഞ്ഞുനില്ക്കും. ഇവിടെ വൈരവും പ്രതികാരവും വലിയൊരു സ്ഥാനം പിടിച്ചടക്കും. ദിവസവും അച്ഛനും അമ്മയും തമ്മിൽ വഴക്കുണ്ടാക്കുന്ന ഒരു കുടുംബമാണ് അവന്റേതെങ്കിൽ അവരെക്കുറിച്ചുള്ള ചിന്തകൾ അവനെ തളർത്തുന്നവയായിരിക്കും. ഈ വക ഭാവനകൾക്കിടയിലും അവന്റെ കർത്തവ്യബോധം അവനെ തട്ടിയുണർത്തും.

അടുത്തുവരുന്ന പരീക്ഷകളും പ്രോജക്ട് വർക്കുകളും എല്ലാം അവന്റെ ഓർമയിൽ തെളിഞ്ഞു വരും. ഏതെങ്കിലും ഒന്നവൻ തെരഞ്ഞെടുക്കണം. ചിലപ്പോഴെങ്കിലും തന്റെ ഭാവനാലോകത്തോട് 'ഓകെ' പറയാതെ മുന്നോട്ടു പോകാൻ എളുപ്പമായിരിക്കില്ല. ക്രിയാത്മകമായ ഭാവനകളാണ് അവൻ നെയ്തെടുക്കുന്നതെങ്കിൽ അത് അവന്റെ വളർച്ചയ്ക്ക് സഹായിക്കും. നിഷേധാത്മകമാണ് ഭാവനാലോകമെങ്കിൽ അതിനനുസരിച്ചായിരിക്കും അവന്റെ ആസൂത്രണങ്ങളും മുന്നോട്ടു പോകുന്നത്.

## കുടുംബ പ്രശ്നങ്ങൾ

ഇടുക്കി, കോട്ടയം ജില്ലകളിലെ എട്ടാം ക്ലാസ് മുതൽ പ്ലസ്ടുവരെയുള്ള ആയിരത്തോളം വിദ്യാർത്ഥികൾക്കിടയിൽ നടത്തിയ സർവേയിൽ 19.48 ശതമാനം കുട്ടികൾക്ക് കുടുംബപ്രശ്നങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തു. മാതാപിതാക്കളുടെ ഇടയിലുള്ള സംഘട്ടനം, അച്ഛന്റെ മദ്യപാനം, മാതാപിതാക്കളിൽ നിന്നും ആവശ്യത്തിന് പിൻതുണയും സ്നേഹവും ലഭിക്കാതിരിക്കുന്നത്, സഹോദരങ്ങൾ തമ്മിലുള്ള ചേർച്ചക്കുറവ്, സാമ്പത്തിക ബുദ്ധിമുട്ട് തുടങ്ങിയവയാണ് അവയിൽ കൂടുതലും.

ഒരു പക്ഷേ കുട്ടികൾ, പ്രത്യേകിച്ച് കൗമാരക്കാർ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ മടിക്കുന്ന ഒരു കാര്യമാണിത്. കാരണം തന്റെ കുടുംബത്തെയോ മാതാപിതാക്കളെയോ ഒരിക്കലും മറ്റുള്ളവരുടെ മുൻപിൽ മോശമായി ചിത്രീകരിക്കാൻ അവർ ഇഷ്ടപ്പെടുകയില്ല.

തങ്ങളുടെ കുട്ടികൾ മിടുക്കരായിരിക്കണമെന്ന് മാതാപിതാക്കൾ ആഗ്രഹിക്കുന്നതുപോലെ കുട്ടികളുടെ വലിയ ആശയാണ് അവരുടെ അച്ഛനും അമ്മയും ഏറ്റവും നല്ലവരായിരിക്കണമെന്നത്. അതിന് വിപരീതമായി എന്തെങ്കിലും സംഭവിച്ചാൽ അവർക്ക് അത് വലിയ ആഘാതമായിരിക്കും. എങ്കിലും അതെക്കുറിച്ച് ആരോടും സംസാരിക്കാൻ കുട്ടികൾ തയ്യാറാവില്ല. അത് അവരുടെ അഭിമാനപ്രശ്നം കൂടിയാണ്.

പതിനഞ്ചുവയസ്സുള്ള മാലിനിയുടെ വാക്കുകൾ മുകളിൽ പറഞ്ഞതു വ്യക്തമാക്കും: "എന്റെ അച്ഛനും അമ്മയും തമ്മിൽ മിണ്ടിപ്പോയാൽ വഴക്കാണ്. എന്തിനാണെന്ന് എനിക്കറിയില്ല. ശണ്ഠ മൂത്തു കഴിയുമ്പോൾ അച്ഛൻ ചിലപ്പോൾ അമ്മയെ തല്ലും. എന്നാൽ അതിലും അസഹനീയമാണ് അവർ തമ്മിലുള്ള വാക്കേറ്റം. ആരും വിട്ടുകൊടുക്കില്ല. അച്ഛന് അമ്മയെ സംശയമുണ്ടോ എന്ന് അച്ഛന്റെ സംസാരത്തിൽ നിന്ന് ചിലപ്പോൾ തോന്നിയിട്ടുണ്ട്. ഈ വീട്ടിൽ ജനിക്കാതിരുന്നിരുന്നെങ്കിൽ എന്നു ഞാൻ പലപ്പോഴും ആഗ്രഹിച്ചിട്ടുണ്ട്. എന്റെ വീട്ടിൽ നിന്ന് ഇറങ്ങിപ്പോകാൻ തോന്നിയിട്ടുണ്ട്. പഠിക്കാനുള്ള വലിയ ആഗ്രഹത്തോടെ സ്കൂളിൽ നിന്ന് വീട്ടിൽ വരും. എന്നാൽ ഒരു ദിവസമെങ്കിലും സ്വസ്ഥമായിരുന്ന് പഠിക്കാനുള്ള അവസരം കിട്ടാറില്ല. പഠിക്കാനിരുന്നാലും എന്റെ മനസ്സിൽ പലപ്പോഴും വീടിനെക്കുറിച്ചുള്ള ചിന്തകളാണ്."

മാതാപിതാക്കളുടെ ഇടയിലുള്ള പൊരുത്തക്കുറവും സംഘട്ടനവും ഏതുരീതിയിലാണ് കുട്ടികളെ ബാധിക്കുന്നതെന്നുള്ളതിന് വലിയ തെളിവാണ് മാലിനി. മാലിനിക്ക് മിക്കവാറും എന്തെങ്കിലും ശാരീരികവിഷമതകൾ മൂലം സ്കൂളിൽ പോകാൻ പറ്റാത്തതുകൊണ്ടും പ്രത്യേകിച്ച് ശാരീരികരോഗങ്ങളൊന്നും കണ്ടുപിടിക്കാൻ സാധിക്കാത്തതുകൊണ്ടുമാണ് അമ്മ അവളെ ക്ലിനിക്കിൽ കൊണ്ടുവന്നത്. അവളുടെ മനസ്സിലും ചിന്തയിലുമെല്ലാം വീട്ടിലെ അസ്വസ്ഥതകളാണ് മുന്നിൽ നില്ക്കുന്നത്. അമ്മയ്ക്ക് എന്തെങ്കിലും സംഭവിക്കുമോ, അച്ഛൻ അമ്മയെ എന്തെങ്കിലും ചെയ്യുമോ ഇങ്ങനെ ഉത്തരം കിട്ടാത്ത നൂറുനൂറു ചിന്തകളുമായാണ് അവൾ ജീവിക്കുന്നത്. ഇങ്ങനെയുള്ള ഒരന്തരീക്ഷത്തിൽ അവളുടേതായ പ്രശ്നങ്ങൾ തുറന്നു സംസാരിക്കാനോ സംശയങ്ങൾ ദുരീകരിക്കാനോ ഒന്നും അവൾക്കാകുന്നില്ല. അവളുടെ ബാല്യകാലം മുതൽ ഇതായിരുന്നു വീട്ടിലെ അവസ്ഥ. അതിനാൽ മാതാപിതാക്കളുമായി സുദൃഢമായ മാനസികബന്ധം സ്ഥാപിക്കുന്നതിനോ അവരിൽ പ്രതീക്ഷയും സുരക്ഷിതത്വബോധവും അർപ്പിക്കുന്നതിനോ അവൾക്കു കഴിഞ്ഞില്ല.

കാരണം അച്ഛനും അമ്മയും തമ്മിലുള്ള സംഘട്ടനത്തിനു പുറമേ കുട്ടികളോട് വളരെ കാർക്കശ്യമായി പെരുമാറുന്ന സ്വഭാവമാണ് അച്ഛനുള്ളത്.



യാതൊരുവിധ സ്വാതന്ത്ര്യവും ആ വീട്ടിൽ അമ്മയ്ക്കും മക്കൾക്കുമില്ല. അച്ഛൻ പറയുന്നതുപോലെ മാത്രമേ കാര്യങ്ങൾ നടക്കൂ. ഈ സ്വഭാവവിശേഷങ്ങളൊന്നും അവൾക്ക് സ്വീകാര്യമല്ല. മാത്രമല്ല അച്ഛനോട് അടുക്കാൻ അച്ഛന്റെ ഈ പ്രത്യേകതകൾ അവളെ അനുവദിച്ചതുമില്ല.

സ്ത്രീക്ക് വീട്ടിലോ സമൂഹത്തിലോ ഒരു സ്ഥാനമുള്ളതായി അവൾക്ക് അമ്മയുടെ അവസ്ഥയിൽ നിന്നും മനസ്സിലാക്കാൻ പറ്റുന്നില്ല. ഉള്ളിൽ സ്നേഹമുണ്ടെങ്കിലും ദാമ്പത്യജീവിതം സന്തോഷകരമല്ലാത്തതുകൊണ്ട് ആ സ്നേഹം മക്കൾക്കു കൊടുക്കാൻ പറ്റുന്നില്ല. സ്നേഹം പ്രകടിപ്പിക്കാത്ത, വീട്ടിൽ സ്ഥാനമില്ലാത്ത അമ്മയുമായി മാലിനിക്ക് എങ്ങനെ താദാത്മ്യപ്പെടാനാകും? കൗമാരത്തിലെത്തിയ അവൾക്ക് തന്റെ തന്നെ സ്ത്രീത്വത്തെ അംഗീകരിക്കാനും കഴിയുന്നില്ല. നല്ല ബുദ്ധിയുള്ള കുട്ടിയാണെങ്കിലും അതനുസരിച്ച് പഠനകാര്യങ്ങളിൽ മികവു കാണിക്കാൻ അവൾക്ക് സാധിക്കുന്നില്ല. കാരണം മനസ്സ് ഏകാഗ്രമാക്കി പഠിക്കാൻ മിക്കപ്പോഴും അവൾക്ക് സാധിക്കാറില്ല. അവൾ അല്പമെങ്കിലും സന്തോഷം കണ്ടെത്തുന്നത് കൂട്ടുകാരികളുമായുള്ള ബന്ധത്തിലാണ്. വീട്ടിലെ അവസ്ഥകളൊന്നും അവൾ അവരോട് പറഞ്ഞിട്ടില്ല.

എങ്കിലും അവരുമൊത്തു ചെലവഴിക്കുന്ന അവസരങ്ങൾ അവൾക്ക് ആശ്വാസം പകരുന്നതാണ്.

ചുവരെഴുത്തുകൾ

ശ്വേതകേതു

# ചെരിഞ്ഞ അച്ചുതണ്ടിൽ തന്നെയാണ് ഭൂഗോളം തിരിയുന്നത്...!

"ഒരിക്കൽകൂടി വഞ്ചിക്കപ്പെട്ട സഹോദരാ,

നിന്നെ കൊന്ന നിയമം ഇതാ
വിശുദ്ധന്റെ വസ്ത്രമണിഞ്ഞ്
പാപികൾക്കു മാപ്പുനല്കുന്നു.
ന്യായാധിപർ കൈ കഴുകുന്നു
നീ മരിച്ചതിന് അവർക്കു തെളിവുകളില്ല
പക്ഷേ, നീ ജീവിച്ചിരുന്നതിന്
ഞങ്ങൾക്കു തെളിവുകളുണ്ട്"

അടിയന്തിരാവസ്ഥയുടെ നാളുകൾ തടവറയിലോ നിറതോക്കിനു മുന്നിലോ, ആറ്റിലോ നീറ്റിലോ മഹാപീഡനത്തിലൂടെ പിടിച്ചുവാങ്ങിയ ചങ്കുറപ്പുള്ള നിർഭയനായ യുവരക്തസാക്ഷിക്ക് തിലോദകം അർപ്പിക്കുകയാണ് 'നീതിയുടെ വൃക്ഷം' എന്ന കവിതയിലൂടെ സച്ചിദാനന്ദൻ.

സർഗാത്മക മേച്ചില്പുറങ്ങളിലും പ്രതിലോമകാരികളെ വേഗം തിരിച്ചറിയാനാവുന്ന എഴുത്തുകാരന്റെ സ്വത്വബോധം യാഥാർത്ഥ്യം തേടുകയായിരുന്നു. വർത്തമാനകാല കേരളസമൂഹം ഇന്ത്യൻ വിപ്ലവപ്രസ്ഥാനത്തിന്റെ ഇടതുപക്ഷന്യായാസനത്തിന്റെ ദേശീയ നേതൃത്വത്തോട് ആരായുന്ന ക്ഷുഭിതയാഥാർത്ഥ്യവും മറ്റൊന്നല്ല. സാമൂഹ്യവിഹ്വലതകളെ പ്രാപഞ്ചികനിഷ്ഠകൾ നിരാകരിക്കുന്നില്ലെങ്കിലും രേഖീയമായ ഉല്ലേഖങ്ങളിലെ നിജസ്ഥിതി കണ്ടെത്തേണ്ടതുണ്ട്. അതായിരിക്കും ഒരു പ്രസ്ഥാനത്തെ തീറെഴുതാതിരിക്കാനുള്ള വഴിയും അനിവാര്യമായ അസ്തിത്വവും!

ആകസ്മിക നിവർത്തനങ്ങളിലൂടെ പിടിമുറുകിപ്പോയ ഒരാരോപണത്തെ നനഞ്ഞപടക്കമെന്നു വിശേഷിപ്പിക്കുമ്പോഴും, ഉണക്കിയെടുത്താലുള്ള അതിന്റെ ഉഗ്രസ്ഫോടനശേഷി തീരെ കുറച്ച്, ഇല്ലാതാക്കാനുള്ള സൂത്രവിദ്യയാണ് ചോദ്യം ചെയ്യപ്പെടുന്നത്. ഒന്നരദശകത്തിന്റെ ചരിത്രവും, അനുയാത്രയിൽ സാമ്പത്തിക കുറ്റവും വഴിവിട്ട അഴിമതിയും മുറതെറ്റാത്ത ആരോപണവും ആസൂത്രിത കവർച്ചപോലെ വൻനഷ്ടത്തിന്റെ കുറ്റപത്രമൊരുക്കുമ്പോൾ, ഒരു പ്രസ്ഥാനമാകെ കസർത്തിന്റെ കായബലത്താൽ സംഭവത്തെ മൂടിപ്പൊതിയുകയായിരുന്നു. സംഘടിതമായ നിസാരവത്ക്കരണത്തിന്റെ കരുത്തിൽ മരവിച്ചുനിന്ന അഴിമതിയെ തന്ത്രപൂർവം തമസ്കരിക്കാനുള്ള ശ്രമഫലം അതിജീവിച്ചില്ല, മാറിവന്ന കാലത്തെ! ഇപ്പോൾ സത്യത്തെ മറച്ചുനിർത്തി കൈക്കരുത്തും മനക്കരുത്തും മറന്നാൽ വരും തലമുറ പരിഹാസ്യരും, ചരിത്രം കുറ്റക്കാരനെന്നും വിധിച്ചേക്കാമെന്ന വീണ്ടുവിചാരമായിരുന്നു സംസ്ഥാന മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്.

പ്രസ്ഥാനത്തോട് പരമാവധി കൂറു കാണിച്ചിരുന്ന വിഎസിന്റെ തീരുമാനങ്ങളെ നിഷേധത്തിന്റെ കള്ളിയിൽപെടുത്തി അച്ചടക്കലംഘനത്തിന്റെ ശിക്ഷ വിധിക്കാനുള്ള പരീശന്മാരുടെ നീക്കം സ്വീകരിക്കാനും അദ്ദേഹം ഒരുക്കമായിരുന്നു. വിധിരേഖകൾക്കു പുറന്തിരിയുന്ന ദുശ്ശാഠ്യക്കാരനെന്ന് ഉറപ്പിച്ച് തന്റെ കുരിശുമരണം നിശ്ചയിച്ചാലും ഈ ക്ലിയർ കട്ട് കറപ്ഷൻ പുറത്തുകൊണ്ടുവരും. തന്നെ പോളിറ്റ്ബ്യൂറോയിൽ നിന്ന് പുറത്താക്കുകയോ, മറ്റെന്ത് നടപടികളും എടുക്കുകയോ ചെയ്യുക.




**ആകസ്മിക നിവർത്തനങ്ങളിലൂടെ പിടിമുറുകിപ്പോയ ഒരാരോപണത്തെ നനഞ്ഞപടക്കമെന്നു വിശേഷിപ്പിക്കുമ്പോഴും, ഉണക്കിയെടുത്താലുള്ള അതിന്റെ ഉഗ്രസ്ഫോടനശേഷി തീരെ കുറച്ച്, ഇല്ലാതാക്കാനുള്ള സൂത്രവിദ്യയാണ് ചോദ്യം ചെയ്യപ്പെടുന്നത്. ഒന്നരദശകത്തിന്റെ ചരിത്രവും, അനുയാത്രയിൽ സാമ്പത്തിക കുറ്റവും വഴിവിട്ട അഴിമതിയും മുറതെറ്റാത്ത ആരോപണവും ആസൂത്രിത കവർച്ചപോലെ വൻനഷ്ടത്തിന്റെ കുറ്റപത്രമൊരുക്കുമ്പോൾ, ഒരു പ്രസ്ഥാനമാകെ കസർത്തിന്റെ കായബലത്താൽ സംഭവത്തെ മൂടിപ്പൊതിയുകയായിരുന്നു.**

>> 16

## അറിയേണ്ടും കാര്യങ്ങൾ

### ടോക്കിയോയിൽ ഒരു തണ്ണിമത്തന് 720 രൂപ; മാങ്ങയ്ക്ക് 1200!

**ലോ**കത്ത് ജീവിതച്ചെലവ് ഏറ്റവും കൂടിയ നഗരം, രണ്ടാമത്തെ സാമ്പത്തിക ശക്തിയായ ജപ്പാന്റെ തലസ്ഥാനം ടോക്കിയോ. അവിടത്തെ സാധനങ്ങളുടെ വില കേട്ടാൽ ഒരല്പം അദ്ഭുതമുണ്ടാകും തീർച്ച. ഒരു തണ്ണിമത്തന് 15 ഡോളർ (720 രൂപ), മാങ്ങയ്ക്കാകട്ടെ 25 ഡോളർ (1200)!


*ടോക്കിയോ നഗരം*

ന്യൂയോർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഹ്യൂമൻ റിസോഴ്സസ് കൺസൽട്ടൻസി സ്ഥാപനമായ മേർസർ ലോകത്തിന്റെ വിവിധ രാജ്യങ്ങളിലെ 143 മുൻനിര നഗരങ്ങളിൽ നടത്തിയ സർവേയിലാണ് ജീവിതച്ചെലവിന്റെ ഈ ഉയർച്ച കണ്ടെത്തിയത്. ചെലവ് ഏറ്റവും കുറഞ്ഞ നഗരം ദക്ഷിണാഫ്രിക്കയിലെ ജൊഹാനാസ്ബർഗാണ്.

ജീവിതച്ചെലവിന്റെ ഈ ഉയർച്ചയുടെ ആഘാതം ഏറ്റവും കൂടുതൽ ബാധിക്കുന്നത് മറ്റു രാജ്യങ്ങളിൽ നിന്നെത്തി തൊഴിൽ ചെയ്യുന്ന പ്രവാസികളെയാണ്. യാത്ര, താമസം തുടങ്ങിയവയ്ക്കുള്ള ചെലവിലും സ്വഭാവികമായി വൻവർധന ഉണ്ടായിരിക്കുന്നു. ആഗോള സാമ്പത്തിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ ഇതിന്റെ കാഠിന്യം ഏറുകയാണ്.

| ചെലവ് ഏറ്റവും കൂടിയ നഗരങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | നഗരം | 2008ലെ സർവേയിലെ സ്ഥാനം |
| 1. | ടോക്കിയോ | 2 |
| 2. | ഒസാക്ക | 11 |
| 3. | മോസ്കോ | 1 |
| 4. | ജനീവ | 8 |
| 5. | ഹോങ്കോംഗ് | 6 |

സാമ്പത്തിക പ്രതിസന്ധി മൂലം അതതു രാജ്യങ്ങളുടെ കറൻസികളുടെ മൂല്യത്തിലുണ്ടായ ഇടിവും ഏറ്റക്കുറച്ചിലുകളും വിലക്കയറ്റത്തിന് പ്രധാന കാരണമായി വിലയിരുത്തപ്പെടുന്നു. 2008ലെ സർവേയിൽ ചെലവേറ്റവും കൂടുതലായി കണ്ടെത്തിയ പല യൂറോപ്യൻ നഗരങ്ങളും ഇപ്പോഴത്തെ സർവേയിൽ താഴേയ്ക്കു പോയിരിക്കുന്നു. പോളണ്ടിന്റെ തലസ്ഥാനമായ വാർസോ 2008ലെ സർവേയിൽ 35-ാം സ്ഥാനത്തായിരുന്നു. എന്നാലിപ്പോൾ 113-ാമതാണ്. 60-ാമതായിരുന്ന ഗ്ലാസ്കോ 129-ാമതും. 59-ാമതായിരുന്ന ബർമിങ്ഹാം 125-ാമതും ആയി.

| ചെലവ് കുറഞ്ഞ നഗരങ്ങൾ | |
|---|---|
| ക്രമനമ്പർ | നഗരം |
| 1. | ജൊഹാനാസ്ബർഗ് (സൗത്ത് ആഫ്രിക്ക) |
| 2. | മോണ്ടെറി (മെക്സിക്കോ) |
| 3. | അസ്വിൻഷൺ (പരാഗ്വെ) |
| 4. | കറാച്ചി (പാകിസ്താൻ) |

ജൂണിൽ മറ്റൊരു ഹ്യൂമൻ റിസോഴ്സസ് സ്ഥാപനമായ ഇ.സി.എ. ഇന്റർനാഷണൽ നടത്തിയ സർവേയിൽ അങ്കോളയുടെ തലസ്ഥാനമായ ലു ആൻഡ ലോകത്തെ ഏറ്റവും ചെലവേറിയ നഗരമായി കണ്ടെത്തിയിരുന്നു. അവിടെ ജോലിചെയ്യുന്ന പ്രവാസികൾ ഒരു ഊണിന് 100 ഡോളർ വരെയും തരക്കേടില്ലാത്ത ഒരു വീടിന് വാടകയായി മാസം 15,000 ഡോളറും നല്കേണ്ടതായി കണ്ടെത്തിയിരുന്നു. അതോടൊപ്പം അങ്കോളയിലെ തദ്ദേശവാസികളിൽ ബഹുഭൂരിപക്ഷവും ദാരിദ്ര്യത്തിലാണ് കഴിയുന്നതെന്നും സർവേയിൽ തെളിഞ്ഞിരുന്നു.

ഫ്ളാഷ്ബാക്ക്

തേക്കിൻകാട് ജോസഫ്

# നടക്കാതെ പോയ ഒരു സിനിമാക്കഥ

സിനിമ എന്നും ഒരു ഹരമാണ്. പക്ഷേ വളരെ സെലക്ടീവാണ്. മലയാളത്തിലും തമിഴിലും ഹിന്ദിയിലും മറ്റ് ഇന്ത്യൻ ഭാഷകളിലും ഇറങ്ങുന്ന മികച്ച ചിത്രങ്ങൾ കാണും. ഒപ്പം വിദേശഫിലിമുകളും. വിദേശ ഫിലിമുകൾ കാണാൻ വേണ്ടി ആശ്രയിക്കുന്നത് ഫിലിം ഫെസ്റ്റിവലുകളെയാണ്. ചിത്രങ്ങൾ വിലയിരുത്തുക, സിനിമയെക്കുറിച്ചു പഠിക്കുക ഇതാണ് എന്റെ സിനിമാജീവിതം.

ഇതിനിടയിൽ വല്ലാതെ മോഹിപ്പിക്കുകയും നടക്കാതെ പോവുകയും ചെയ്ത ഒരു ചലച്ചിത്രസംരംഭത്തെക്കുറിച്ചാണ് ഈ കുറിപ്പ്.

ഞാൻ ദീപിക വാരാന്തപതിപ്പിൽ എത്രയെത്ര സന്ധ്യകൾ, ഇഴയുന്ന ദുഃഖങ്ങൾ എന്നീ നോവലുകൾ പ്രസിദ്ധീകരിച്ച് കുറച്ചൊക്കെ പ്രശസ്തിയിലേക്കുയരുന്ന കാലം. പ്രശസ്ത നർമകഥാകാരൻ വേളൂർ കൃഷ്ണൻകുട്ടിയാണ് പിന്നിൽ നിന്നുള്ള പ്രചോദകൻ. അദ്ദേഹമന്ന് ദീപിക വാരാന്തപതിപ്പിന്റെ പത്രാധിപരാണ്. അദ്ദേഹത്തിന്റെ നിർബന്ധത്തിനു വഴങ്ങി മൂന്നാമതൊരു നോവലിനുകൂടി രൂപം കൊടുത്തു. പേര് ആത്മാവിലൊളിച്ചവർ.



വേളൂർ കൃഷ്ണൻകുട്ടി

അതും ദീപിക വാരാന്തപതിപ്പിൽ പ്രസിദ്ധീകരിക്കുന്നു. നോവൽ ഏതാണ്ട് ക്ലൈമാക്സിലെത്തി. ഒന്നു രണ്ട് അധ്യായങ്ങൾ കൂടി പ്രസിദ്ധീകരിക്കാനുണ്ട്.

അപ്പോൾ മദ്രാസിൽ നിന്നൊരു കോൾ. മധുവിന്റെ സെക്രട്ടറിയാണ് വിളിക്കുന്നത്. "നിങ്ങളുടെ നോവൽ സിനിമയാക്കാനാഗ്രഹിക്കുന്നു. നോവലിന്റെ പൂർണരൂപം അയച്ചുതരിക. മധുസാർ 'നദി'യുടെ ഷൂട്ടിംഗിനായി 17ന് ആലുവയിൽ വരുന്നുണ്ട്. അവിടെവച്ചു വിശദമായി സംസാരിക്കാം, ഓകെ."

ഞാൻ വല്ലാതെ ത്രില്ലടിച്ചു. തകഴിയുടെയും കേശവദേവിന്റെയും മുട്ടത്തുവർക്കിയുടെയും കെ.സുരേന്ദ്രന്റെയും മലയാറ്റൂരിന്റെയും എം.ടിയുടെയും ജോർജ് ഓണക്കൂറിന്റെയുമൊക്കെ പ്രശസ്ത നോവലുകൾ സിനിമയാക്കുന്ന കാലമാണ്. മധു തന്നെ പി.ആർ. ചന്ദ്രന്റെ രണ്ടു നാടകങ്ങൾ സിനിമയാക്കുന്നു. അദ്ദേഹം തിരുവനന്തപുരത്ത് സജ്ജീകരിച്ച ഉമാ സ്റ്റുഡിയോയിൽ അതിന്റെ ഷൂട്ടിംഗ് പൂർത്തിയായി മദ്രാസിൽ ലാബ് വർക്കുകൾ നടക്കുകയാണ്. ഇതിനിടയിലാണ് എന്റെ ഊഴം വന്നിരിക്കുന്നത്. നവാഗതശ്മശ്രുവായ ഒരെഴുത്തുകാരന് ഇതിൽക്കൂടുതൽ അംഗീകാരം എവിടെ കിട്ടും? സിനിമാരംഗത്തേക്കു കടക്കാനുള്ള ഒരു പ്രവേശനകവാടമായി ഇതിനെ കണ്ടാൽ മതി. ഇതായി എന്റെ ചിന്ത.



മധു

> **മദ്രാസിൽ നിന്നൊരു കോൾ. മധുവിന്റെ സെക്രട്ടറിയാണ് വിളിക്കുന്നത്. "നിങ്ങളുടെ നോവൽ സിനിമയാക്കാനാഗ്രഹിക്കുന്നു. നോവലിന്റെ പൂർണരൂപം അയച്ചുതരിക. മധുസാർ 'നദി'യുടെ ഷൂട്ടിംഗിനായി 17ന് ആലുവയിൽ വരുന്നുണ്ട്. അവിടെവച്ചു വിശദമായി സംസാരിക്കാം, ഓകെ." ഞാൻ വല്ലാതെ ത്രില്ലടിച്ചു.**



റാണി ചന്ദ്ര

പിറ്റേദിവസം തന്നെ നോവലിന്റെ പ്രസിദ്ധീകരിച്ച അധ്യായങ്ങളുടെ കട്ടിംഗ് എടുത്ത് ഫയലുണ്ടാക്കി. ബാക്കി അധ്യായങ്ങളുടെ ഫോട്ടോകോപ്പി തയ്യാറാക്കി.

അന്ന് ആലുവയിലെ ദീപിക റിപ്പോർട്ടർ ശ്രീ.ജോൺ കാവനാൽ ആണ്. അദ്ദേഹത്തെ നേരത്തെ പരിചയമുണ്ട്. ബന്ധപ്പെട്ട് ഞാൻ എത്തുന്ന വിവരമറിയിച്ചു. ജോൺ ഇന്ന് കഥാവശേഷനാണ്. വിവാഹിതനായ അദ്ദേഹം പ്രിയതമയുമൊത്ത് ഇറ്റലിയിലെത്തി. അവിടെവച്ച് ഹൃദയസ്തംഭനം മൂലം മരിച്ച അദ്ദേഹത്തിന്റെ ഭൗതികശരീരം സ്വദേശമായ കരിങ്കുന്നത്തു കൊണ്ടുവന്നാണ് സംസ്കരിച്ചത്. വിങ്ങുന്ന ഹൃദയവുമായി ആ ആത്മസുഹൃത്തിന്റെ സംസ്കാരത്തിൽ പങ്കെടുക്കാൻ ഞാൻ പോയിരുന്നു.

ഞാൻ കഥയിലേക്കു വരട്ടെ. ജോൺ അതിരാവിലെ തന്നെ എന്നെ സ്വീകരിക്കാൻ ആലുവയിലെത്തിയിരുന്നു.

ആലുവ പാലസിലാണ് ഷൂട്ടിംഗ് യൂണിറ്റിലെ പ്രമുഖർ താമസിക്കുന്നത്. മധുവും നായിക റാണിചന്ദ്രയും സംവിധായകൻ വിൻസെന്റ് മാസ്റ്ററുമൊക്കെ താമസിക്കുന്നത്. ഞങ്ങൾ രാവിലെ തന്നെ അവിടെയെത്തി.



സത്യൻ

കാവനാൽ ചിത്രത്തിന്റെ നിർമാതാവ് എം.സി. ജോർജുമായി ബന്ധപ്പെട്ടു. ദീപികയിൽ നിന്നു വന്നതാണെന്നറിഞ്ഞപ്പോൾ അദ്ദേഹത്തിനു സന്തോഷം. തോട്ടുമുഖത്തുള്ള അദ്ദേഹത്തിന്റെ ബംഗ്ലാവിൽ വച്ചാണ് അന്നത്തെ ഷൂട്ടിംഗ്. ഞങ്ങളെ അങ്ങോട്ടു ക്ഷണിച്ചു.

ഡോ. പി.ജെ. തോമസിന്റേതായിരുന്നു ആ ബംഗ്ലാവ്. അദ്ദേഹത്തിന്റെ മൂലത്തറവാടായ 'പകലോമറ്റം' എന്ന പേരാണ് ആ സ്ഥലത്തിന് ഡോ. പി.ജെ. തോമസ് നല്കിയിരിക്കുന്നത്.

പെരുമ്പാവൂർ-ആലുവ റൂട്ടിൽ നിന്നും അദ്ദേഹത്തിന്റെ ബംഗ്ലാവിലേക്ക് തിരിയുന്നിടത്ത് 'പകലോമറ്റം' എന്ന ബോർഡ് മരപ്പലകയിൽ കൊത്തിവച്ചിട്ടുണ്ട്. ഡോ. പി.ജെ. തോമസിന്റെ മകനിൽ നിന്നാണ് ഈ ബംഗ്ലാവ് എം.സി. ജോർജ് വാങ്ങിയത്. ചിത്രഭൂമി സിനിമാവാരിക നടത്തി അദ്ദേഹം അതിനകം നല്ല സമ്പാദ്യം ഉണ്ടാക്കിയിരുന്നു. അങ്ങനെയാണ് ജോർജ് സിനിമാ നിർമാണരംഗത്തേക്ക് കടന്നത്. അദ്ദേഹവും ഭാര്യയും ഞങ്ങളെ ഹാർദവമായി സ്വീകരിച്ചു.

രണ്ടുമണിക്കാണ് ഷൂട്ടിംഗ് അപ്പോഴേക്കും മധുസാർ എത്തും. അദ്ദേഹം വൈകി ഉണരുന്ന പ്രകൃതമാണ്. അന്ന് സത്യനും നസീറും മധുവും പോപ്പുലർ താരങ്ങൾ. സംവിധായകനുൾപ്പെടെയുള്ളവർ അവരുടെ സൗകര്യമനുസരിച്ച് ഷൂട്ടിംഗ് ഷെഡ്യൂൾ



പ്രേംനസീർ

തയ്യാറാക്കും. അങ്ങനെയാണ് ഷൂട്ടിംഗ് രണ്ടുമണിക്കായത്.

ഷൂട്ടിംഗിനിടയിൽ മധുവുമായി സംസാരിക്കാൻ കഴിഞ്ഞില്ല. സ്റ്റോറി ഡിസ്കഷനൊക്കെ ശാന്തമായ അന്തരീക്ഷത്തിൽ നടക്കേണ്ടതാണ്. ഞങ്ങൾ അഞ്ചുമണിവരെ കാത്തിരുന്നിട്ട് ആലുവ പാലസിലേക്കു മടങ്ങി.

ഷൂട്ടിംഗ് ഷെഡ്യൂൾ ഒൻപതുമണിവരെ നീണ്ടു. തിരികെ മധു പാലസിലെത്തി. എത്തിയപാടെ അദ്ദേഹം മുറിയിൽ കയറി കതകടച്ചു. ഞാനും കാവനാലും വരാന്തയിൽ കാത്തിരുന്നു, കുറെനേരം. കാണാൻ കഴിഞ്ഞില്ല.

ഞങ്ങൾ ഒരു മുറിയെടുത്തു താമസിക്കാൻ തീരുമാനിച്ചു. പിറ്റേദിവസം രാവിലെ കാണാൻ ശ്രമിക്കാം. മധുവിന്റെ പ്രസിദ്ധമായ പുലർകാല നിദ്രയെക്കുറിച്ച് അന്നെനിക്കറിവില്ലായിരുന്നു. അത് 12 മണിവരെ നീണ്ടുപോകാം!

എന്തായാലും പിറ്റേദിവസം 12 വരെ ഞാനും കാവനാലും കാത്തിരുന്നു. മധുവിനെ കാണാൻ അവസരം കിട്ടിയില്ല. ഞങ്ങൾ നിരാശരായി ആലുവ പാലസിന്റെ പടിയിറങ്ങി.

അങ്ങനെ എന്റെ ആദ്യത്തെ സിനിമാ സ്വപ്നം പൊലിഞ്ഞു. ഞങ്ങൾ ഊണുകഴിച്ചു പിരിഞ്ഞു. എന്നേക്കാൾ വിഷമം ജോൺ കാവനാലിനായിരുന്നു.

പില്ക്കാലത്ത് മധു ഫിലിംക്രിട്ടിക്സിന്റെ പല അവാർഡുനിശകളിലും പങ്കെടുത്ത അവസരങ്ങളിൽ ഞാൻ അധ്യക്ഷനായിരുന്നു. ഒരിക്കൽപോലും ഇക്കഥ മധുവിനോടു പറഞ്ഞിട്ടില്ല. അദ്ദേഹം ഇതൊന്നും അറിഞ്ഞിട്ടുമില്ല എന്നാണ് എന്റെ ധാരണ.

ഒരു പക്ഷേ ആ പ്രോജക്ടിന്റെ സൂത്രധാരൻ അദ്ദേഹത്തിന്റെ അന്നത്തെ സെക്രട്ടറി ആവാം. ഞങ്ങളുടെ ഭാഗത്തും തെറ്റുണ്ട്. ഞങ്ങൾ വന്നകാര്യത്തിന് ഒരു കുറിപ്പ് അദ്ദേഹത്തിന്റെ മുറിയിലേക്കു കൊടുത്തുവിടാമായിരുന്നു.

മധുസാറിനോടുള്ള അന്നത്തെ ആരാധനമൂത്ത് നേരിട്ടുകയറി സംസാരിക്കാനുള്ള ധൈര്യവും കൈവന്നില്ല.

മറ്റൊരു രസകരമായ അനുബന്ധം കൂടി കുറിക്കാനുണ്ട്. മലയാളത്തിലെ അതിപ്രശസ്തനായ ഒരു തിരക്കഥാകൃത്തിന്റെ പുതിയ സിനിമ റിലീസിംഗ് ദിവസം ഞാൻ കാണാൻ വേണ്ടി തീയേറ്ററിലെത്തുന്നു. സിനിമ തുടങ്ങി അഞ്ചുനിമിഷം കഴിഞ്ഞില്ല. മധു എടുക്കാനിരുന്ന എന്റെ പ്രോജക്ടി ('ആത്മാവിലൊളിച്ചവർ' എന്ന നോവൽ)ന്റെ കഥാതന്തുവിൽ ഊട്ടി പശ്ചാത്തലമാക്കി മനോഹരമായ ഒരു ചലച്ചിത്രരൂപം പുറത്തുവന്നിരിക്കുന്നു. അങ്ങനെ എന്റെ നോവലിന് ഞാനറിയാതെ ഒരു സിനിമാരൂപം കൈവന്നു. അത്രയുമെങ്കിലുമായല്ലോ എന്നാശ്വസിക്കാനേ എനിക്കു കഴിഞ്ഞുള്ളു. ❖

> **മലയാളത്തിലെ അതിപ്രശസ്തനായ ഒരു തിരക്കഥാകൃത്തിന്റെ പുതിയ സിനിമ റിലീസിംഗ് ദിവസം ഞാൻ കാണാൻ വേണ്ടി തീയേറ്ററിലെത്തുന്നു. സിനിമ തുടങ്ങി അഞ്ചുനിമിഷം കഴിഞ്ഞില്ല. മധു എടുക്കാനിരുന്ന എന്റെ പ്രോജക്ടി ('ആത്മാവിലൊളിച്ചവർ' എന്ന നോവൽ)ന്റെ കഥാതന്തുവിൽ ഊട്ടി പശ്ചാത്തലമാക്കി മനോഹരമായ ഒരു ചലച്ചിത്രരൂപം പുറത്തുവന്നിരിക്കുന്നു.**

ഇതാണുനിയമം

അഡ്വ. ചാർളി പോൾ
എം.എ, എൽ.എൽ.ബി, ഡിഎസ്എസ്

# പരിസ്ഥിതി നിയമങ്ങൾ

മനുഷ്യർക്കെന്നല്ല, സകലചരാചരങ്ങൾക്കും ഒരൊറ്റഭവനം മാത്രമേയുള്ളു. അതാണ് ഭൂമി. ഭൂമിയില്ലെങ്കിൽ നമ്മളില്ല. ജൈവമണ്ഡലത്തിലെ ജീവനുള്ളതും അല്ലാത്തതുമായ സകല ഘടകങ്ങളും സംരക്ഷിക്കപ്പെടണം. ആ കാഴ്ചപ്പാടോടെ 1972 ജൂലൈ 5ന് സ്വീഡനിലെ സ്റ്റോക്ക്ഹോമിൽ ഒരു ലോകപരിസ്ഥിതി സമ്മേളനം ചേർന്നു. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം ആ സമ്മേളനം ഊന്നിപ്പറഞ്ഞു. ഓരോ രാജ്യവും പരിസ്ഥിതി സംരക്ഷിക്കാൻ നിയമങ്ങൾ ആവിഷ്ക്കരിക്കണമെന്ന നിർദേശവും അന്നുണ്ടായി.

പരിസ്ഥിതി അവബോധം വ്യാപകമായതിനെത്തുടർന്ന് 1974ൽ ഇന്ത്യൻ പാർലമെണ്ട് ജല (മലിനീകരണ നിരോധന നിയന്ത്രണ) നിയമം പാസ്സാക്കി. 1981ൽ വായു (മലിനീകരണ നിരോധന നിയന്ത്രണ) നിയമവും പാസ്സാക്കി. 1972ൽ വന്യജീവി സംരക്ഷണനിയമം പാസ്സാക്കി. 1980ൽ വനസംരക്ഷണനിയമവും 1986ൽ പരിസ്ഥിതി സംരക്ഷണ നിയമവും പാസ്സാക്കി. ജൈവമണ്ഡലത്തിലെ എല്ലാ ഘടകങ്ങൾക്കും സംരക്ഷണം നല്കാൻ പര്യാപ്തമായ നിയമങ്ങൾ ഇന്ന് ഇന്ത്യയിൽ നിലവിലുണ്ട്.

1986ലെ പരിസ്ഥിതി നിയമത്തിൽ പരിസ്ഥിതിയെ നിർവചിച്ചിട്ടുണ്ട്: "വായു, ജലം, ഭൂമി എന്നിവയും ജലം, വായു, ഭൂമി, വസ്തുക്കൾ എന്നിവയ്ക്കിടയിൽ നിലനില്ക്കുന്ന അന്യോന്യബന്ധങ്ങളും ഉൾപ്പെടുന്നതാണ് പരിസ്ഥിതി." വായുമലിനീകരണവും ജലമലിനീകരണവും മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തിന്റെ നിഷേധമായിട്ടാണ് സുപ്രീംകോടതി കാണുന്നത്. ശുദ്ധവായുവും ശുദ്ധജലവും ആരോഗ്യകരമായ ജീവിതത്തിന് അത്യന്താപേക്ഷിതമായതിനാൽ അത് മലിനീകരിക്കപ്പെട്ടുകൂടാ എന്നതാണ് സുപ്രീംകോടതിയുടെ സമീപനം.

ജലമലിനീകരണത്തിനെതിരെ ഇന്ത്യൻ പാർലമെണ്ട് പാസ്സാക്കിയ നിയമത്തെ ചുരുക്കത്തിൽ 1974ലെ ജലനിയമം (വാട്ടർ ആക്ട്) എന്നു പറയാം. ബ്രായ്ക്കറ്റിൽ നിയമത്തിന്റെ ഉദ്ദേശ്യം കൂടി ചേർത്ത് 1974ലെ ജല (മലിനീകരണ നിരോധന നിയന്ത്രണ) നിയമം എന്നാണ് പൂർണരൂപം.

ജലനിയമ പ്രകാരം രൂപീകരിച്ച മലിനീകരണ നിയന്ത്രണബോർഡുകൾക്ക് തന്നെയാണ് വായുനിയമപ്രകാരമുള്ള അധികാരവും ഉള്ളത്. ഇതേ ബോർഡുകൾ തന്നെ പരിസ്ഥിതി സംരക്ഷണ നിയമത്തിന്റെയും പരിധിയിൽ വരുന്നു.

കേന്ദ്രതലത്തിലും സംസ്ഥാനതലത്തിലും മലിനീകരണ നിയന്ത്രണ ബോർഡുകൾ നിലവിലുണ്ട്. മലിനീകരണ നിയന്ത്രണബോർഡിന്റെ കർശനനിയന്ത്രണങ്ങളിലൂടെ മാത്രമേ മലിനജലം ഏതെങ്കിലും ജലപ്രവാഹത്തിൽ ഒഴുക്കാവൂ. ആരോഗ്യത്തിനോ പരിസ്ഥിതിക്കോ ഹാനികരമായവ ഒഴുക്കുവാൻ നിയമം അനുവദിക്കുന്നില്ല. അത് കുറ്റകരവുമാണ്.

വ്യവസായങ്ങളെ സംബന്ധിച്ച് മലിനീകരണബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയേ ജലം ഉപയോഗിക്കാനും ജലം പുറന്തള്ളുവാനും പാടുള്ളു. ഒരു നദിയിൽ നിന്നും വ്യവസായശാല എടുക്കുന്ന ജലത്തിന്റെ തോതനുസരിച്ച് നികുതി കൊടുക്കണം. ഉപയോഗിച്ചു കഴിഞ്ഞ മലിനീകരിക്കപ്പെട്ട വെള്ളം ശുദ്ധീകരിച്ച് ബോർഡ് നിർദേശിക്കുന്ന നിലവാരമുള്ളതാക്കിയ ശേഷമേ പുറംതള്ളാൻ പാടുള്ളു. പുറംതള്ളുന്നത് ബോർഡ് നിർദേശിക്കുന്ന സ്ഥലത്ത് മാത്രമായിരിക്കണം.

മേല്പ്പറഞ്ഞ നിബന്ധനകൾ ലംഘിക്കുന്ന വ്യവസായശാലകൾക്കെതിരെ നടപടിയെടുക്കാൻ ബോർഡിന് വിപുലമായ അധികാരമുണ്ട്. മജിസ്ട്രേറ്റു കോടതിയിൽ പരാതികൊടുത്ത് നിരോധന ഉത്തരവ് നേടാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ഒരു വ്യവസായത്തിന്റെ പ്രവർത്തനം നിർത്തിവയ്ക്കാൻ വരെ മലിനീകരണബോർഡിന് അധികാരമുണ്ട്.

**1986ലെ പരിസ്ഥിതി നിയമത്തിൽ പരിസ്ഥിതിയെ നിർവചിച്ചിട്ടുണ്ട്: ''വായു, ജലം, ഭൂമി എന്നിവയും ജലം, വായു, ഭൂമി, വസ്തുക്കൾ എന്നിവയ്ക്കിടയിൽ നിലനില്ക്കുന്ന അന്യോന്യബന്ധങ്ങളും ഉൾപ്പെടുന്നതാണ് പരിസ്ഥിതി.'' വായുമലിനീകരണവും ജലമലിനീകരണവും മനുഷ്യന്റെ ജീവിക്കാനുള്ള അവകാശത്തിന്റെ നിഷേധമായിട്ടാണ് സുപ്രീംകോടതി കാണുന്നത്. ശുദ്ധവായുവും ശുദ്ധജലവും ആരോഗ്യകരമായ ജീവിതത്തിന് അത്യന്താപേക്ഷിതമായതിനാൽ അത് മലിനീകരിക്കപ്പെട്ടുകൂടാ എന്നതാണ് സുപ്രീംകോടതിയുടെ സമീപനം.**

ജലനിയമത്തിന്റെ അതേ ചട്ടക്കൂടിലാണ് വായു മലിനീകരണ നിരോധന നിയന്ത്രണ നിയമവും (വായു നിയമം-1981) രൂപപ്പെടുത്തിയിരിക്കുന്നത്. പ്രധാനമായും വ്യവസായശാലകളുടെ പ്രവർത്തനത്തെയാണ് വായുനിയമം നിയന്ത്രിക്കുന്നത്. പുകക്കുഴൽ ആവശ്യമുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് ബോർഡിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണം. വാതകം പുറത്തുവിടുന്നതിനു മുൻപ് ബോർഡ് നിർദേശിക്കുന്ന രൂപത്തിൽ ശുദ്ധീകരിച്ചു വേണം പുറത്തുവിടുവാൻ.

**ജലം, വായു എന്നീ നിയമങ്ങൾക്കു ശേഷം എല്ലാത്തരം മലിനീകരണങ്ങളെയും കണക്കിലെടുത്ത് 1986ലാണ് പരിസ്ഥിതിസംരക്ഷണനിയമം രൂപീകരിച്ചത്. പരിസ്ഥിതിയെ ദുർബലമാക്കുന്ന എല്ലാത്തരം മലിനീകരണത്തിനെതിരെയും നടപടിയെടുക്കാൻ പരിസ്ഥിതി സംരക്ഷണ നിയമത്തിലൂടെ സാധിക്കും.**

മോട്ടോർ വാഹനങ്ങൾ മൂലം ഉണ്ടാകുന്ന വായുമലിനീകരണം നിയന്ത്രിക്കാൻ മോട്ടോർവാഹന ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. അതിനു പുറമേ മലിനീകരണ ബോർഡിനും വാഹനങ്ങൾ പുറത്തുവിടുന്ന പുകയുടെ നിലവാരം നിർദേശിക്കാൻ അധികാരമുണ്ട്.

ജലം, വായു എന്നീ നിയമങ്ങൾക്കു ശേഷം എല്ലാത്തരം മലിനീകരണങ്ങളെയും കണക്കിലെടുത്ത് 1986ലാണ് പരിസ്ഥിതിസംരക്ഷണനിയമം രൂപീകരിച്ചത്. പരിസ്ഥിതിയെ ദുർബലമാക്കുന്ന എല്ലാത്തരം മലിനീകരണത്തിനെതിരെയും നടപടിയെടുക്കാൻ പരിസ്ഥിതി സംരക്ഷണ നിയമത്തിലൂടെ സാധിക്കും.

1980ലാണ് വനസംരക്ഷണനിയമം നടപ്പിലായത്. ഈ നിയമത്തിലെ പ്രധാനവ്യവസ്ഥ റിസർവ് വനം റിസർവ് വനമല്ലാതാക്കാൻ കേന്ദ്രത്തിന്റെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണമെന്നതാണ്. വനം ഏതൊരാവശ്യത്തിനും ഉപയോഗിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ സമ്മതം വാങ്ങണം.

1972ലെ വന്യജീവിസംരക്ഷണ നിയമം വന്യജന്തുക്കൾക്കും വനസസ്യങ്ങൾക്കും സംരക്ഷണം നല്കുന്നു. സംരക്ഷണം നല്കുന്ന വന്യജന്തുക്കളുടെ പട്ടികയും വനസസ്യങ്ങളുടെ പട്ടികയും പ്രസ്തുത നിയമത്തിലുണ്ട്. ഈ പട്ടികയിൽ ആന, സിംഹം, മാൻ, പലയിനം കുരങ്ങുകൾ, കാണ്ടാമൃഗം, മയിൽ, തത്ത, വേഴാമ്പൽ തുടങ്ങി പക്ഷിമൃഗാദികളും മൂർഖൻ മുതലായ ഉരഗങ്ങളും ഉൾപ്പെടും. ആനക്കൊമ്പ്, ആനവാൽ, പുലിനഖം മുതലായവ ക്രയവിക്രയം ചെയ്യുന്നത് പൂർണമായും ഈ നിയമം മുഖേന നിരോധിച്ചിട്ടുണ്ട്.

വന്യജീവിസംരക്ഷണ നിയമപ്രകാരം ചില മൃഗങ്ങളെ സംരക്ഷിക്കാൻ പ്രത്യേക പ്രോജക്ടുകൾ നിലവിലുണ്ട്. ഗീർവനം സിംഹങ്ങളുടെ സംരക്ഷണകേന്ദ്രമാണ്. കാസിരംഗയിൽ കണ്ടാമൃഗസംരക്ഷണകന്ദ്രമുണ്ട്. വംശനാശ ഭീഷണി നേരിടുന്ന ഭീമൻപാണ്ട, ടൈഗർ, കടലാമ തുടങ്ങിയവയ്ക്കും പ്രത്യേക സംരക്ഷണ പ്രോജക്ടുകൾ ഉണ്ട്.

ഭൂമിയിൽ ഓരോ ജീവിയും പ്രധാനപ്പെട്ടവയാണ്. ഓരോ ജീവിക്കും അതിന്റേതായ ദൗത്യമുണ്ട്. അവ സംരക്ഷിക്കപ്പെടുകതന്നെ വേണം. "ഉണ്ടാക്കാൻ കഴിയാത്തതിനെ നിങ്ങൾ ഇല്ലാതാക്കരുത്" എന്നാണ് ചൈനീസ് പഴമൊഴി. നമുക്കത് പാലിക്കാം.

❖

## അറിയേണ്ടും കാര്യങ്ങൾ

### ഓസ്ട്രേലിയയിലെ ബുണ്ടനൂൺ ടൗണിൽ ഇനി കുപ്പിവെള്ളം കിട്ടില്ല!



കുപ്പിവെള്ളം പല വിധത്തിൽ പ്രകൃതിക്ക് ഹാനി വരുത്തുന്നതിനാൽ അത് ഒഴിവാക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ച് ക്യാമ്പെയ്ൻ സംഘടിപ്പിക്കുകയും തുടർന്ന് കുപ്പിവെള്ളത്തിന്റെ ഉത്പാദനവും വിപണനവും ഉപയോഗവും നിരോധിക്കുകയും ചെയ്തിരിക്കുകയാണ് ഓസ്ട്രേലിയയിലെ ന്യൂ സൗത്ത് വെയിൽസിലുള്ള ചെറുപട്ടണമായ ബുണ്ടനൂൺ. ജനകീയകൂട്ടായ്മയിലൂടെയും അഭിപ്രായ ഐക്യത്തിലൂടെയും കുപ്പിവെള്ളത്തിന് നിരോധനം ഏർപ്പെടുത്തുന്ന ലോകത്തെ തന്നെ ആദ്യപ്രദേശമായി ബുണ്ടനൂൺ.

350 കുടുംബങ്ങൾ പങ്കെടുത്ത പൊതുസമ്മേളനത്തെ തുടർന്നുണ്ടായ വോട്ടെടുപ്പിൽ കുപ്പിവെള്ളം നിരോധിക്കുന്നതിനനുകൂലമായി ഒരു കുടുംബം ഒഴികെ എല്ലാവരും വോട്ടു ചെയ്തു. കിണർ, പൊതുപൈപ്പ് എന്നിവയിൽ നിന്നുള്ള വെള്ളം മാത്രമേ ഉപയോഗിക്കൂ എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. കൂടാതെ മറ്റു പ്രദേശങ്ങളിൽ നിന്നു ടൗണിലെത്തുന്നവരെയും ഈ നിലയിൽ പ്രവർത്തിക്കുവാൻ പ്രേരിപ്പിക്കുമെന്നും തദ്ദേശവാസികൾ പറയുന്നു. രണ്ടായിരത്തി അഞ്ഞൂറോളം സ്ഥിരതാമസക്കാരുള്ള ബുണ്ടനൂൺ ടൗണിലെ വ്യാപാരികളും കുപ്പിവെള്ളം ഉപേക്ഷിക്കുവാനുള്ള തീരുമാനത്തിന് പൂർണ പിന്തുണ പ്രഖ്യാപിച്ചു.

***    ***    ***

നടപടികൾ ഫലം കണ്ടു

### ചൈനീസ് കാർ വിപണിയിൽ ഉണർവ്



ആഗോള സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് വൻ തകർച്ച നേരിട്ട ചൈനയിലെ കാർ വിപണിയിൽ ഉണർവ് പ്രകടമായി. ജൂണിൽ 48 ശതമാനം വർധനയാണ് കാർ വില്പനയിൽ ഉണ്ടായത്. 8,72,900 കാറുകളാണ് വിറ്റുപോയത്. ഗവൺമെണ്ടിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ വിജയമായി ഈ വളർച്ച വിലയിരുത്തപ്പെടുന്നു. വില്പന നികുതിയിലും മറ്റും വൻ ഇളവാണ് ഗവൺമെണ്ട് നല്കിയത്.

അന്താരാഷ്ട്രതലത്തിൽ വാഹനവിപണിയിൽ വൻഇടിവാണുണ്ടായത്. ആ സാഹചര്യത്തിൽ ഗവൺമെണ്ടിന്റെ സമയബന്ധിതമായ ഇടപെടലും ക്രിയാത്മകമായ നടപടികളുമാണ് തകർച്ചയിൽ നിന്നുള്ള ഈ കുതിപ്പിനു പിന്നിലെന്ന് ചൈനയിലെ വാഹനനിർമാതാക്കളുടെ സംഘടന അഭിപ്രായപ്പെടുന്നു.

ഈ വർഷം ജൂൺ വരെ ചൈനയിലെ തങ്ങളുടെ വില്പനയിൽ 38 ശതമാനത്തിന്റെ വർധന രേഖപ്പെടുത്തിയതായി യു.എസിലെ കാർ നിർമാതാക്കളായ ജനറൽ മോട്ടോഴ്സ് പറയുന്നു. എന്നാൽ ഇതേ കാലയളവിലെ ഫോർഡിന്റെ വില്പനയിലുണ്ടായ വളർച്ച 14 ശതമാനം മാത്രമാണ്.

CYAN MAGENTA YELLOW BLACK

CYAN MAGENTA YELLOW BLACK




## സിപ്പിയങ്കിളും കുട്ട്യോളും

# ചെറിയ മനുഷ്യന്റെ വലിയ മഹത്വം

*പ്രിയ കൂട്ടുകാരേ,*

വലിയൊരു കൂറ്റൻ ബംഗ്ലാവിൽ താമസിക്കുന്നതിലോ വിലകൂടിയ വമ്പൻകാറിൽ സഞ്ചരിക്കുന്നതിലോ അല്ല ഒരാളുടെ മഹത്വം കുടികൊള്ളുന്നത്.

*“വലിയൊരു വീടും ഫോറിൻകാറും*

*ഫ്രിഡ്ജും ടീവിയുമുണ്ടെങ്കിൽ*

*നല്ലൊരു മാനവനായിടുമെന്നതു*

*മൂഢവിചാരം കുട്ടികളേ!”* – എന്നുള്ള ഉപദേശം നാം എപ്പോഴും ചെവിക്കൊള്ളേണ്ടതാണ്.

മാനവസമൂഹത്തിന് വഴികാട്ടികളായി മാറിയ പല മഹാന്മാരും ലളിതജീവിതത്തിന്റെ ഉടമകളായിരുന്നു. ‘എളിമയാണ് തെളിമ’ എന്നതായിരുന്നു അവരുടെ മുദ്രാവാക്യം.

നിങ്ങൾ ലാൽ ബഹദൂർ ശാസ്ത്രിയെക്കുറിച്ചു കേട്ടിട്ടില്ലേ? ഭാരതം ഭരിച്ച പ്രധാനമന്ത്രിമാരിൽ ഏറ്റവും പൊക്കം കുറഞ്ഞ ആളായിരുന്നു ശാസ്ത്രിജി! അക്കാലത്ത് അദ്ദേഹത്തിന്റെ കീഴിലുള്ള സഹമന്ത്രിമാർ പോലും കൂറ്റൻകാറുകളിൽ കൊടിപാറിച്ചു നടക്കുമായിരുന്നു. എന്നാൽ പ്രധാനമന്ത്രിയായിരുന്നിട്ടും അദ്ദേഹം ഒരു കൊച്ചുകാറിലായിരുന്നു എല്ലായ്പ്പോഴും സഞ്ചരിച്ചിരുന്നത്. ഇതു കണ്ട് വിഷമം തോന്നിയ അദ്ദേഹത്തിന്റെ ഒരു ആത്മാർത്ഥ സുഹൃത്ത് ഒരിക്കൽ ചോദിച്ചു: “ശാസ്ത്രിജീ, അങ്ങയുടെ മന്ത്രിസഭയിലെ കൂടുതൽ മന്ത്രിമാരും വലിയ കാറുകളിലാണല്ലൊ, യാത്രചെയ്യുന്നത്? അങ്ങുമാത്രം എന്താ ഈ ‘പീക്കിരി’ കാറിൽ സഞ്ചരിക്കുന്നത്? ഇത് അങ്ങയുടെ ‘സ്റ്റാറ്റസിനു’ കുറവല്ലേ?”

സുഹൃത്തിന്റെ ചോദ്യം കേട്ട് ശാസ്ത്രിജി ഒന്നു കുളിർക്കെ ചിരിച്ചു എന്നിട്ടു പറഞ്ഞു: “ ഞാനൊരു ചെറിയ മനുഷ്യനല്ലേ? വലിയ കാറിലിരുന്നാൽ ആളുകൾ എന്നെ കാണുകപോലുമില്ല. ചെറിയ കാറിൽ പോകുമ്പോൾ എന്റെ മനസ്സിനും ശരീരത്തിനും നല്ല ഉന്മേഷം തോന്നും!”

ശാസ്ത്രിജിയുടെ മറുപടി കേട്ട് സുഹൃത്ത് വല്ലാതെ പകച്ചുപോയി. സുഹൃത്തിന് അദ്ദേഹത്തോടുള്ള ആദരവ് അതോടെ വർധിച്ചു. കാറിന്റെ വലുപ്പത്തിനല്ല; അതിൽ യാത്ര ചെയ്യുന്ന മനുഷ്യന്റെ മഹത്വത്തിനാണ് വിലയെന്ന് അയാൾ മനസ്സിലാക്കി.

പക്ഷേ, ഇത്തരത്തിലുള്ള ഒരെളിമ ഇന്നത്തെ മന്ത്രിമാരിൽ നമുക്ക് കാണാനാവുമോ? മന്ത്രിമാരിൽ മാത്രമല്ല; സാധാരണ മനുഷ്യരിൽപോലും ഇന്ന് പൊങ്ങച്ചം കൊടികുത്തിവാഴുകയാണ്. ശാസ്ത്രിജിയും അതുപോലുള്ള മഹാന്മാരും കാണിച്ചുതന്ന എളിമയുടെ പാത പിൻതുടരാൻ നമുക്ക് ശക്തിയുണ്ടാകട്ടെ.

*സസ്നേഹം,*

**സിപ്പിയങ്കിൾ**

*കുട്ടിക്കവിത*

## അക്ഷരഗാനം




**ഇ**മ്പം നിറയും ഗാനം പോൽ
ഇന്നും പുലരിയണഞ്ഞല്ലോ!
ഇനിയും വിടരാമൊട്ടുകളെ
പുലരിക്കാറ്റു തലോടുകയായ്!

**– മാത്യു കാരാംവേലി**

# ഹെയ്ദി

## ബാലനോവൽ -2

**ജോഹന്നാസ് സ്പൈറി**

**പുനരാഖ്യാനം: കിളിരൂർ രാധാകൃഷ്ണൻ**

## ആട്ടിടയനായ പീറ്റർ

**ആ** മുതിർന്ന സ്ത്രീകൾ അങ്ങനെ വർത്തമാനം പറഞ്ഞ് മലമുകളിലേക്ക് കയറവേ പിന്നിൽ നടന്നിരുന്ന ഹെയ്ദി ആ താഴ്വരയിലെ പതിമൂന്നുകാരൻ പീറ്ററെ പരിചയപ്പെടുകയായിരുന്നു. അവന് ആടുകളെ മേയ്ക്കലാണ് പണി. രാവിലെ ആടുകളെയും കൊണ്ട് മലമുകളിലേക്ക് പോയാൽ വൈകുന്നേരമാണ് മടങ്ങുക. അവന് ചങ്ങാതിമാരില്ല. വല്ലപ്പോഴുമാണ് തന്റെ പ്രായക്കാരായ കുട്ടികളെ ഒന്നു കാണാൻപോലും കഴിയുക. പീറ്ററിന്റെ പിതാവും ആട്ടിടയനായിരുന്നു. അദ്ദേഹം കുറെ വർഷങ്ങൾക്കുമുമ്പ് ഒരപകടത്തിൽ മരിച്ചു. പിന്നെ പാവം കൊച്ചുപീറ്റർ ആ പണി ഏറ്റെടുക്കുകയായിരുന്നു. വീട്ടിൽ അവന്റമ്മ ബ്രിദ്ഗെറ്റും പിന്നെ മുത്തശ്ശിയുമാണുള്ളത്.

ഇത്രയും സമയംകൊണ്ട് തന്നെ ഹെയ്ദിയും പീറ്ററും നല്ല ചങ്ങാതിമാരായിക്കഴിഞ്ഞു. അവർ ഇരുവരും അവിടെയല്ലാം ഓടിക്കളിച്ചു. അതു കണ്ട് ഡെറ്റി ദേഷ്യപ്പെട്ടു. വേഗം മലകയറി വരാൻ അവർ ഹെയ്ദിയോട് പറഞ്ഞു. ഹെയ്ദിയും പീറ്ററും അവരെ അനുസരിച്ചു. ഒടുവിൽ അവർ മലമുകളിലെ ആൽപ്പമ്മാവന്റെ വീട്ടിലെത്തി.



വീടിനുമുന്നിൽത്തന്നെ ആൽപ്പമ്മാവൻ കുനിഞ്ഞിരിപ്പുണ്ടായിരുന്നു. തികച്ചും ശാന്തഭാവത്തിൽ പൈപ്പ് വലിച്ചുകൊണ്ടിരുന്ന അയാളുടെ മുന്നിലേക്ക് ആദ്യം ഓടിയെത്തിയത് കുട്ടികളാണ്. ഹെയ്ദി അടുത്തെത്തി അപ്പൂപ്പന് നേരെ കൈനീട്ടി സന്തോഷത്തോടെ പറഞ്ഞു. “ഹലോ അപ്പൂപ്പാ.”

അതത്ര രസിക്കാത്തമട്ടിൽ കർക്കശസ്വരത്തിൽ അയാളെന്തോ മുരണ്ടുകൊണ്ട് അവളുടെ കൈകൾ തട്ടിമാറ്റി. പക്ഷേ ഹെയ്ദിക്കതിൽ ഒരു പരിഭവവും തോന്നിയില്ല. അവൾ കൗതുകത്തോടെ അപ്പൂപ്പനെ നോക്കിനിന്നു. അവൾക്കാ രൂപവും ഭാവവുമൊക്കെ കണ്ടപ്പോൾ ആൽപ്പപ്പൂപ്പനോട് കൂടുതൽ സ്നേഹമാണ് തോന്നിയത്.

ഈ സമയം ഡെറ്റി അടുത്തെത്തി.

പീറ്റർ പക്ഷേ അകന്നുനിന്നതേയുള്ളൂ. അവന് ആൽപ്പമ്മാവനെ പേടിയാണ്. ഡെറ്റി പറയാൻ തുടങ്ങി.

“അമ്മാവാ, ഇതാ ഇവൾ തോബിയാസിന്റെ മകൾ ഹെയ്ദിയാണ്. നിങ്ങളവളെ ഒരുവയസ്സുള്ളപ്പോൾ കണ്ടതല്ലേയുള്ളൂ. അവളങ്ങ് വളർന്ന് മിടുക്കിയായി. ”

“ഹും! എന്തിനാണിവളെ ഇങ്ങോട്ട് കൊണ്ടുവന്നത്? നിനക്കെന്താടാ ഇവിടെ കാര്യം?”

ആ ചോദ്യം പീറ്ററിനോടായിരുന്നു. അവൻ ഒന്നും പറയാതെ ഒറ്റ ഓട്ടം കൊടുത്തു.

“ഇവൾ നിങ്ങളുടെ മകന്റെ മകളാണ്. ഇവളെ ഇനി സംരക്ഷിക്കേണ്ടത് നിങ്ങളുടെ ചുമതലയാണ്. അവൾക്കെന്തെങ്കിലും സംഭവിച്ചാൽ നിങ്ങൾ സമാധാനം പറയേണ്ടിവരും. അറിയാമല്ലോ.”

ഇത്രയും ഡെറ്റിയുടെ വായിൽനിന്നും കേട്ടതോടെ ആൽപ്പമ്മാവന് ക്ഷോഭം നിയന്ത്രിക്കാൻ കഴിഞ്ഞില്ല.

“ഇറങ്ങിപ്പോടീ ഇവിടെനിന്ന്. മേലാൽ നീ ഇവിടെ വരരുത്. കാണണ്ട എനിക്ക് നിന്നെ.... പോ...”

ഇതുകേട്ടതും ഡെറ്റി വേഗം തിരിഞ്ഞു നടന്നു. വളരെ വേഗത്തിലാണ് അവൾ മലയിറങ്ങിപ്പോയത്. അപ്പൂപ്പനോടുള്ള പ്രതിഷേധം മുഴുവൻ ആ നടപ്പിൽ പ്രകടമായിരുന്നു.

*(തുടരും)*

CYAN MAGENTA YELLOW BLACK